**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1152** **29-08-2022 - ൽ മറുപടിയ്ക്ക്**

**പാലുൽപന്നങ്ങളുടെ മേൽ ജി.എസ്.ടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാലുൽപന്നങ്ങളുടെ മേൽ ജി.എസ്.ടി ചുമത്തിയതിന്റെ അടിസ്ഥാനത്തിൽ വിലവർധനവ് നടപ്പാക്കേണ്ടി വരുന്നത് കാരണം മിൽമ ഉൽപ്പന്നങ്ങളുടെ വിപണിയെ ദോഷകരമായി ബാധിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | 18.07.2022 മുതൽ മൂല്യവർദ്ധിത ഉത്പന്നങ്ങളിൽ ജി.എസ്.ടി ചുമത്തിയതിനുശേഷം ജി.എസ്.ടി ചുമത്തിയ ഉൽപ്പന്നങ്ങളായ തൈര്, ലസ്സി സംഭാരം എന്നിവയുടെ വിൽപ്പന കുറഞ്ഞിട്ടുണ്ട്. വിപണനപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ക്ഷീരോല്പാദക മേഖലാ യൂണിയനുകളുടെ 83% ലാഭവിഹിതവും ക്ഷീരസംഘങ്ങൾ വഴി വിവിധ ആനുകൂല്യങ്ങളായും പാൽവിലയായും കർഷകർക്കാണ് നൽകുന്നത് എന്ന വസ്തുത ഉപഭോക്താക്കൾക്കിടയിൽ പ്രചരിപ്പിക്കുന്ന തിനുള്ള നടപടി സ്വീകരിച്ചതിനുശേഷം വിൽപ്പനയിൽ വർദ്ധനവ് ഉണ്ടാകുകയും ജി.എസ്.ടി ചുമത്തിയതിന് മുൻപ് ഉണ്ടായിരുന്ന വിൽപ്പന കൈവരിക്കുവാൻ സാധിച്ചിട്ടുമുണ്ട്. ചില ഉത്പന്നങ്ങൾക്ക് സ്കീമുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും സാഹചര്യങ്ങൾക്കനുസൃതമായ വില്പന വർദ്ധനവ് കൈവരിക്കുവാൻ ആയിട്ടില്ല. |
| (ബി) | മൂല്യവർധിത ഉൽപ്പന്നങ്ങളുടെ വിപുലീകരണത്തിലൂടെ കർഷകർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ബി) | മിൽമ ക്ഷീരകർഷകരിൽ നിന്നും സംഭരിക്കുന്ന പാൽ അത്യാധുനിക ഡയറി പ്ലാന്റുകളിൽ പ്രോസസ്സ് ചെയ്ത് വിൽപ്പന നടത്തി, പ്രസ്തുത വില്പന തുകയുടെ ഏകദേശം 83 ശതമാനവും ക്ഷീരകർഷകർക്ക് തന്നെ തിരിച്ച് നൽകുന്ന ഒരു സംവിധാനമാണ് കേരളത്തിൽ നിലനിൽക്കുന്നത്. അതോടൊപ്പം കർഷകരിൽ നിന്നും ഇപ്രകാരം സംഭരിക്കുന്ന പാലിൽ നിന്നും നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിലും വിപണനത്തിലും മിൽമ പ്രത്യേക ശ്രദ്ധ പുലർത്തുന്നു. നിലവിൽ നെയ്യ്, വെണ്ണ, പനീർ, പാലട മിക്സ്, ഫ്ളേവേർഡ് മിൽക്കുകൾ, വിവിധതരം ഐസ്ക്രീമുകൾ, വ്യത്യസ്തയിനം ഹെൽത്ത് ഡ്രിംഗുകൾ എന്നിങ്ങനെയുള്ള ഒരു നിര ഉല്പന്നങ്ങളുടെ ശ്രേണി തന്നെ മിൽമയ്ക്കുണ്ട്. മാത്രമല്ല, ഓരോ സാമ്പത്തിക വർഷവും ഒട്ടനവധി പുതിയ ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നുണ്ട്. കഴിഞ്ഞ |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷം തന്നെ കാരറ്റ് പേഡ, പാഷൻഫ്രൂട്ട് ഐസ്ക്രീം, ചിക്കു ഐസ്ക്രീം, ഫ്രൂട്ട് ആന്റ് നട്ട് ഐസ്ക്രീം മുതലായ പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയനിൽ പാൽ സംഭരണം വിൽപ്പനയേക്കാൾ കൂടുതലായതുകൊണ്ട് മൂല്യവർദ്ധിത ഉത്പ്പന്നങ്ങളായ പാൽപ്പൊടി, ലോംഗ് ലൈഫ് മിൽക്ക്, കണ്ടൻസ്ഡ് മിൽക്ക്, ഡയറി വൈറ്റ്നർ തുടങ്ങിയവ ഉത്പ്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>ഈ രീതിയിൽ കൂടുതൽ മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതുവഴി കൂടുതൽ വിറ്റുവരവ് ഉണ്ടാക്കുവാനും അതേ സമയത്ത് ക്ഷീരകർഷകരിൽ നിന്നും മുടക്കമില്ലാതെ പാൽ സംഭരിക്കുന്നതിനും സാധിക്കുന്നു. മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ വിപണനം ചെയ്ത് ലഭിക്കുന്ന വിറ്റുവരവിൽ നിന്നും അധികതുക കർഷകരിലേക്ക് എത്തിക്കുന്നതിനും സാധിക്കും. |

സെക്ഷൻ ഓഫീസർ